# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 24/2140/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 02/12/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
3.അസി.ഡവലപ്മെന്റ് കമ്മീഷണർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4.കാര്യാലയ പകർപ്പ്

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 24/2140/2022 തീയ്യതി: 02/12/2022

## പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2022 മുതൽ 18-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനീയർ ഡെപ്യൂട്ടി ഡയറക്ടർ | 19-09-2022 | 29-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2022 | 29-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി, ഓഡിറ്റ് ഓഫീസർ
കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
കെ.വി.രാജൻ,സീനിയർ.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സജിത വിനോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.വരുൺ ജി മഠത്തിൽ | സെക്രട്ടറി | 01-04-2021 | 03-08-2021 |
| ശ്രീമതി സരിത എ.കെ | സെക്രട്ടറി | 04-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ കെ..പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| സജിനി പി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റീന വി.ജെ | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു എൽ | സി.ഡി.പി.ഓ | 01-04-2021 | 04-11-2021 |
| ശ്രീമതി ബിന്ദു.വി | സി.ഡി.പി.ഓ | 05-11-2021 | 31-03-2022 |
| ശ്രീ.സന്തോഷ് കുമാർ.എ.എസ് | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജുവൈന പി ഖാൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2021 | 12-09-2021 |
| ശ്രീ പ്രദീപ് കുമാർ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 13-09-2021 | 31-10-2021 |
| ശ്രീ.കൃഷ്ണൻകുട്ടി.കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-11-2021 | 14-11-2021 |
| ശ്രീ.ബിനോയ് ബോസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 15-11-2021 | 31-03-2022 |
| ശ്രീമതി ഗീത വി.സി | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.പീതാംബരൻ.വി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 10-10-2021 |
| ശ്രീ.ബൈജു.കെ | വ്യവസായ വികസന ഓഫീസർ | 11-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം. | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം | 1-9 |
| 11 | സ്വയംതൊഴിൽ പ്രൊജക്ടുകൾ - തുടർനടപടികൾ സ്വീകരിക്കണം | 1-10 |
| 12 | പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണം | 1-11 |
| 13 | കൊപ്പം സി എച്ച് സിയിൽ പുതിയ കെട്ടിടത്തിന്റെ ഫർണ്ണിഷിങ്ങും ഫർണ്ണീച്ചർ വാങ്ങലും - ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യാതെ പണം അനുവദിച്ചു | 1-12 |
| 14 | ആർട്ട്ക്കോയിൽ നിന്നുള്ള വാങ്ങലുകൾ - ക്രമപ്രകാരമല്ല | 1-13 |
| 15 | ബ്ലോക്ക്തല ക്ലൺ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-14 |
| 16 | ലൈഫ് ഭവന സമുച്ചയം -സാമ്പത്തിക സ്രോതസ് ഉറപ്പുവരുത്താതെ പ്രോജക്ട് രൂപീകരിച്ചു | 1-15 |
| 17 | പി.എം.എ.വൈ (ജി) ഭവന നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-16 |
| 18 | ലൈഫ് ഭവനപദ്ധതി ബ്ലോക്ക് വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-17 |
| 19 | സമൃദ്ധി നെൽകൃഷിക്ക് ഉഴവ്കൂലി ബ്ലോക്ക് വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-18 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 21 | പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറുന്നില്ല | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

15.02.2021 തിയതിയിലെ തീരുമാനം 6 (1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു. 30.03.2022 ലെ 6(1) നം തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | ഇല്ല | 26878340.00 |
| 2 | വരവ് | 634819886.00 | 80593327.00 |
| 3 | ആകെ | 634819886.00 | 107471667.00 |
| 4 | ചെലവ് | 633394796.00 | 81690616.00 |
| 5 | നീക്കിയിരുപ്പ് | 1425090.00 | 25781051.00 |

യഥാർത്ഥ വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 23.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) 6295000 രൂപ 320700208 Contribution For Joint Venture Projects (For Centrally Sponsored Schemes- എന്ന ഹെഡിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വരവുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവുപത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം വരവില്ല. PMAY വിഹിതം ഗ്രാമപഞ്ചായത്തുകൾ നൽകിയത് ഹെഡ് മാറി രേഖപ്പെടുത്തിയതാണ്.

ബാലൻസ് ഷീറ്റ് പ്രകാരം (ബി-4) 320700210 ഹെഡിൽ ജില്ല പഞ്ചായത്ത് വിഹിതം 12897953 രൂപ നീക്കിയിരുപ്പ് കാണുന്നു.

2)സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied Fund ൽ നിന്നും അധികം തുക ചെലവഴിച്ചു

തൻവർഷത്തെ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied, Tied) എന്നിവ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അൺടൈഡ് ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന 383282 രൂപ നെട്ടങ്ങോട്ടൂർ പാറക്കടവ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കായി Tied ഗ്രാന്റ് നിന്നും വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

3 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി അവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 1301155/- രൂപ നീക്കിയിരിപ്പുണ്ട്. തുകകൾ ഉപയോഗിച്ച് പദ്ധതി നടപ്പാക്കാത്തപക്ഷം ആയത് തിരികെ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 02/24.09-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26878340.00 |
| വരവ് | 80593327.00 |

| | |
|---|---|
| ആകെ | 107471667.00 |
| ചെലവ് | 81690616.00 |
| നീക്കിയിരിപ്പ് | 25781051.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25410823.00 | 25410823.00 | 22873988.00 | 2536835.00 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 20393001.00 | 20393001.00 | 17752743.00 | 2640258.00 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 98800.00 | 98800.00 | 22,000.00 | 76800.00 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 8278029.00 | 8278029.00 | 5,850,275.00 | 2427754.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് ( Untied) | 0 | 4701520.00 | 4701520.00 | 5084802.00 | (-) 383282.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8897934.00 | 8897934.00 | 6671645.00 | *2226289 ( നീക്കിയിരുപ്പ് 1897206, ലാപ്സായ തുക 329083) |
| IWMP(Central) | 2432252.00 | 1792185.00 | 4224437.00 | 72.00 | 4224365.00 |
| TSC (Central) | 130605.00 | 3829.00 | 134434.00 | 10773.00 | 123661.00 |
| IAY(Gen) State Share | 823936.00 | 36783.00 | 860719.00 | 12000.00 | 848719.00 |
| IAY(SCP) | 4086291.00 | 88370.00 | 4174661.00 | 783786.00 | 3390875.00 |

*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) വരവുചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

(**) ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള അൺടൈഡ് തുകയിൽ യഥാർത്ഥത്തിൽ ചെലവഴിക്കാമായിരുന്ന തുകയേക്കാൾ 383282 രൂപ അധികം പിൻവലിച്ചിട്ടുണ്ട്. 383282 രൂപ CFC ടൈഡ് ഗ്രാന്റിൽ നിന്നും വകമാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 125326785 | 122 | 63708560 | 0 | 11 | 92 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 14 | 13 | 62746697 | 15966275 | 25 |
| ശിശു വികസന പദ്ധതി ഓഫീസർ | 5 | 5 | 3283000 | 3280835 | 99 |
| മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 9 | 9 | 7545376 | 7542619 | 99 |
| പട്ടികജാതി വികസന ഓഫീസർ | 3 | 2 | 2598110 | 1670000 | 64 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 3900000 | 3900000 | 100 |
| സീനിയർ വെറ്ററിനറി സർജ്ജൻ /ക്ഷീര വികസന ഓഫീസർ | 5 | 4 | 3457480 | 1985717 | 57 |
| വ്യവസായ വികസന ഓഫീസർ | 3 | 3 | 3297931 | 670000 | 20 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 4 | 3 | 1051037 | 753446 | 72 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 87 | 80 | 37447154 | 27939668 | 75 |
| ആകെ | 133 | 122 | 125326785 | 63708560 | 51 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022, 3.00 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് ബുക്ക് പ്രകാരവും ഭൗതിക പരിശോധനയിലും നീക്കിയിരുപ്പൊന്നും ഉണ്ടായിരുന്നില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2021-22 വരെ ലഭ്യമായിട്ടുണ്ട്.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ ബില്ലുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ പ്രസിഡന്റ് ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| | | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20.06.2022 മുതൽ 23.06.2022 വരെ | 2021-22 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2016 മുതൽ 15.04.2016 വരെ | 01.05.2015 മുതൽ 31.05.2016 വരെ | 20.06.2016 | ഇല്ല |

1-9 കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

2021-22 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി ഗ്രാമവികസന കമ്മിഷണറുടെ അംഗീകാരം നേടിയിട്ടില്ല.

2) ബ്ലോക്ക് പഞ്ചായത്തിലെ കടമുറികളുടെ വിശദാംശങ്ങൾ റെന്റ് രജിസ്റ്റർ പ്രകാരം ലഭ്യമായത് താഴെ ചേർക്കുന്നു

| ഇനം | ആകെ |
|---|---|
| ആകെ മുറികളുടെ എണ്ണം | 6 |
| പ്രവർത്തനക്ഷമമായവയുടെ എണ്ണം | 6 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 6 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 0 |
| പട്ടിക ജാതി / പട്ടിക വർഗ്ഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, സംവരണം ചെയ്തു നൽകേണ്ടതാണ്. 2021-22 വർഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും , സംവരണം ചെയ്യപ്പെട്ട മുറികളിലെ ലൈസൻസികളുടെ പേര്, വിലാസം, മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം 11/29.9.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4) വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടം 7(2)- ഫാറം III ലെ പ്രഫോർമ പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.
5)സർക്കാർ ഉത്തരവ് (സാധാ)261/2021/ത.സ്വ.ഭ.വ തീ.06.11.2021 പ്രകാരം കോവിഡ് രണ്ടാം തരംഗത്തിൽ പ്രത്യാഘാതമനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ വാടകക്കാർക്ക് അർഹമായ വാടക ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ സർക്കാർ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

ബി) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്..

സി) വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമക്കേണ്ടതാണ്

ഡി) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

1-10 സ്വയംതൊഴിൽ പ്രൊജക്ടുകൾ - തുടർനടപടികൾ സ്വീകരിക്കണം

വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം മികച്ച രീതിയിൽ നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ& പേര് | അടങ്കൽ | ചെലവ് | ബിൽ നം & തീയതി | ഗുണഭോക്താക്കളുടെ എണ്ണം | വായ്പ അനുവദിച്ച ബാങ്ക് |
|---|---|---|---|---|---|---|
| 1 | 135/22, എസ് സി വനിതകൾക്ക് ഓട്ടോറിക്ഷ | 1300000.00 ( വി. ഫ- രൂ.300000.00 + വായ്പ 1000000.00) | 70000.00 ( വികസന ഫണ്ട് ) | ബിൽ നം 3/27.3.22 | 1 | കാനറ ബാങ്ക്, കരിങ്ങനാട് |
| 2 | 15/22, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി- എസ് സി വനിത | 1292500.00 ( വികസന ഫണ്ട് - 1094124.00 + ഗു.ഭോ വിഹിതം 198376.00) | രൂ.3 ലക്ഷം ( വികസന ഫണ്ട് -) | ബിൽ നം 2/27.3.22 | അഞ്ച് | പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് |
| 3 | 11/22, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി- ജനറൽ വനിത | 705431.00 ( വികസന ഫണ്ട്- 599616 + ഗു.ഭോ വിഹിതം- 105815.00) | 3 ലക്ഷം ( വികസന ഫണ്ട് ) | ബിൽ നം 1/23.3.22 | അഞ്ച് | പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് |

മേൽ പ്രൊജക്ടുകൾ മൂലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 11 വനിതകൾക്ക് ഉപജീവന മാർഗ്ഗം ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പ്രൊജക്ടുകൾക്കായി നൽകിയ സബ്സിഡി തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണം

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 ലെ വ്യവസ്ഥകൾക്കു വിധേയമായി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | രണ്ടാം ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഗോപിക D/o.ഗോപാലകൃഷ്ണൻ | 125000.00 | 27.3.21 |
| 2 | അജിത്ത് S/o.അജിത | 50000.00 | 30.3.20 (ഒന്നാം ഗഡു) |
| 3 | സൂര്യജിത്ത് S/o.സുരേന്ദ്ര ബാബു | 125000.00 | 6.1.21 |

പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാകുന്നതിന് വിമുഖത കാണിക്കുന്ന പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.13/29.9.22)

## 1-12 കൊപ്പം സി എച്ച് സിയിൽ പുതിയ കെട്ടിടത്തിന്റെ ഫർണ്ണിഷിങ്ങും ഫർണ്ണീച്ചർ വാങ്ങലും - ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യാതെ പണം അനുവദിച്ചു

പ്രൊജക്ട് നമ്പർ -115/22 – കൊപ്പം സി എച്ച് സിയിൽ പുതിയ കെട്ടിടത്തിന്റെ ഫർണിഷിങ്ങും ഫർണീച്ചർ വാങ്ങലും

നിർവഹണം- മെഡിക്കൽ ഓഫീസർ- സി എച്ച് സി

അടങ്കൽ :രൂ.900000.00 ( മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)

ചെലവ്- രൂ.900000.00

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 17 | 18.9.21 | 900000.00 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19

പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തു.

ഈ പ്രൊജക്ടിനായി ആർട്ട്കോയുടെ താഴെ പറയുന്ന ഇൻവോയ്സുകൾക്ക് പണം നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയിസ് നം. /തീയതി | തുക |
|---|---|---|
| 1 | 240/27.10.20 | 170142.00 |
| 2 | 241/27.10.20 | 729848.00 |
| | ആകെ | 900000.00 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലെയർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/28.9.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ആർട്ട്ക്കോയിൽ നിന്നുള്ള വാങ്ങലുകൾ - ക്രമപ്രകാരമല്ല

എ) പ്രൊ.നം.82/2022 - "ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളുടെ നിലവാരത്തിലേക്കുയർത്തൽ (ബഹു വർഷം)"

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ - രൂ.14 ലക്ഷം(തനത് ഫണ്ട് )

ചെലവ് - രൂ.14 ലക്ഷം(ചെക്ക് നം.KGB 019626/27.10.21)

ബി) പ്രൊ.നം.132/2022 - " അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങി നൽകൽ"

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ - രൂ.1 ലക്ഷം(വികസന ഫണ്ട് )

ചെലവ് - രൂ.1ലക്ഷം(ബിൽ നം. 5/21-22തീ.20.12.21)

മേൽ പ്രൊജക്ടുകൾക്കായി , ARTCO യിൽ (ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് ) നിന്നും മത്സരാധിഷ്ഠിത ടെണ്ടർ / ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ താഴെ പറയുന്ന ഉപകരണങ്ങളുടെ വാങ്ങൽ നേരിട്ട് നടത്തിയിട്ടുണ്ട്.

എ) പ്രൊ.നം.82/2022 - "ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളുടെ നിലവാരത്തിലേക്കുയർത്തൽ (ബഹു വർഷം)"

ഇൻവോയിസ് നം.76/6.8.2020 രൂ.15 ലക്ഷം

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | MULT COLOUR TOUR STEP SLIDE | 10 | 66080.00 |
| 2 | INDOOR TOY BIN | 10 | 23364.00 |
| 3 | BPA Free ETHYLENE VINYL ACETATE Flooring Mat - 16 Sq. Ft Set | 151 | 135416.8 |
| 4 | PLASTIC MOLDED BABY CHAIR | 150 | 60180.00 |
| 5 | FRONT ROUND Platic TABLE | 30 | 141246.00 |
| 6 | WOODEN MULTI ACTIVITY CUBE | 10 | 17472.00 |
| 7 | EASEL WOODEN | 10 | 70000.00 |
| 8 | GAME TABLE | 10 | 35282.00 |
| 9 | 32" FULL HD TV(brand Not Mentioned) | 10 | 167560.00 |
| 10 | HOME THEATRE SOUND SYSTEM (Brand Not Mentioned) | 10 | 62540.00 |
| 11 | VEGETABLE GARDEN STAND | 10 | 149152.00 |
| 12 | TRUST BIN -14 LTR | 30 | 73920.00 |
| 13 | BOOK SHELF (H 75CM X W 35 CM X H 75 CM) | 10 | 49324.00 |
| 14 | RIDE ON (40X25X75 CM) | 10 | 17808.00 |
| 15 | ALPHABET MAT VINYL | 330 | 14784.00 |
| 16 | ROCKER U SHAPE (90X40 ) | 10 | 22288.00 |
| 17 | CHILD FRIENDLY FENCE -4PCS WITH 4 LEGS | 10 | 100182.00 |
| 18 | PAINTING WITH ART WORK | 10 | 293664.00 |
| TOTAL | | | 1500262.80 |

ബി) പ്രൊ.നം.132/2022 - " അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങി നൽകൽ"

ഇൻവോയിസ് നം.125/6.12.21 രൂ.100000.00

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | ADJUSTABLE BASKET BALL SET | 15 | 30240.00 |
| 2 | RING GAME ELEPHANT | 15 | 14700.00 |
| 3 | BIG BLOCKS MULTI CLOUR | 15 | 19992.00 |
| 4 | PUZZLE PLAY MAT | 15 | 6703.20 |
| 5 | ROCKER BOTTOM FOOTREST | 15 | 28392.00 |
| | ആകെ | | 100027.20 |

ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)സർക്കാർ ഉത്തരവ് (സാധാ) നം. 819/2021/ത.സ്വ.ഭ.വ തീയതി 31.3.21 പ്രകാരം സ്മാർട്ട് അങ്കണവാടി

പ്രൊജക്ടുകളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ARTCO യെ ഏൽപ്പിക്കുന്നതിനും, ARTCO യെ നോഡൽ ഏജൻസി ആക്കണമെന്ന ആവശ്യം നിലവിൽ പരിഗണനാർഹമല്ലെന്നും ഉത്തരവായിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ പ്രകാരം പൊതു കമ്പോളത്തിൽ നിന്നും ടെണ്ടർ / ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങൽ നടത്താവുന്ന പ്ലാസ്റ്റിക്ക് കസേരകൾ,ടെലിവിഷനുകൾ, ഹോം തീയേറ്റർ സിസ്റ്റം, റോക്കർ, കളിപ്പാട്ടങ്ങൾ, പ്ലാസ്റ്റിക്ക് ബിൻ മുതലായവയാണ് പ്രധാനമായും വാങ്ങിയിരിക്കുന്നത്. ആർട്ട്കോയെ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് നോഡൽ ഏജൻസിയാക്കിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

2)സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ , സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.7 എന്നിവയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ARTCO യിൽ മത്സരാധിഷ്ഠിത ടെണ്ടർ / ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വിവിധ ഇനങ്ങൾ വാങ്ങിയത് ക്രമ പ്രകാരമല്ല.

3) സ.ഉ.(സാധാ.)3299/2016/തസ്വഭവ തീ. 02.12.2016 ലെ നിർദ്ദേശം താഴെ ചേർക്കുന്നു.

"തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ,അർദ്ധ-സർക്കാർ, ഗവർമെന്റ് അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട് സ്വന്തമായി സാധനസാമഗ്രികൾ നിർമ്മിക്കാത്ത മേൽപ്പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യസംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിൻറെ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത വിഷയം14.1.2015 ലെ കോർഡിനേഷൻ കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടെൻഡർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു. അങ്ങനെയല്ലാത്ത സാമഗ്രഹികൾ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്."

മേൽ പ്രൊജക്ടുകൾക്കായി ARTCO നിർമ്മിക്കാത്തതും, സ്വകാര്യ കമ്പനികൾ നിർമ്മിച്ചതുമായ ഉൽപന്നങ്ങൾ പരസ്യ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

4) സർക്കാർ ഉത്തരവ് (പി) 1/2017/ എസ് പി ഡി തീയതി 13.3.2017 പ്രകാരം പൊതു മേഖല സ്ഥാപനങ്ങൾ സാധന സാമഗ്രഹികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ലെന്ന സാക്ഷ്യ പത്രം സമർപ്പിക്കേണ്ടതാണ്. പ്രൊജക്ട് ഫയലിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ARTCO യിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

5)സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ന്യായ വിലക്ക് GeM പോർട്ടലിൽ ലഭ്യമായിരുന്ന പ്ലാസ്റ്റിക്ക് കസേരകൾ, ടെലിവിഷനുകൾ, ഹോം തീയേറ്റർ സിസ്റ്റം, റോക്കർ മുതലായവ ഉയർന്ന വില നൽകി ARTCO യിൽ നിന്നും വാങ്ങിയതുമൂലം ഗണ്യമായ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

6)കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും ARTCO ക്ക് അനുവദിച്ചു.

7) മേൽ പ്രൊജക്ടുകൾക്കായി വാങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വാറന്റി/ ഗാരന്റി പത്രങ്ങളുടെ പകർപ്പുകൾ ഫയലിൽ ലഭ്യമല്ല.

8) പ്രൊ.നം.82/2022 പ്രകാരം വാങ്ങിയവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

9)സ.ഉ.(സാധാ) നം. 08/2020 എസ്.പി.ഡി തീ.10.02.2020 ഖണ്ഡിക 4 ലെ വ്യവസ്ഥ താഴെ പറയും പ്രകാരമാണ്.

"The Purchasing Officer Should Ensure That The Validity Period For The Relaxation To Para 9.23 Of Revised Stores Purchase Manual Is Iri Force, At The Time Of Purchase And Must Obtain A Certificate From The Managing Director Of The Institution Stating That This Item Has Been Manufactured By Them And Not Bought From Outside. For Items Not Included In The Price List, Quoiations/tenders Are To Be Invited As Per Stores Purchase Rules. Artisans Development Co-operative Limited Can Also Participate In Those Quotations/tenders."

ARTCO നിർമ്മിക്കാത്തതും, സ്വകാര്യ കമ്പനികൾ നിർമ്മിച്ചതുമായ മേൽപറഞ്ഞ ഉൽപന്നങ്ങൾ ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

(ഓഡിറ്റ് അന്വേഷണം നം .7/28.9.22)

പ്രൊജക്ടുകളുടെ നിർവഹണത്തിൽ പാലിക്കേണ്ട സർക്കാർ ഉത്തരവുകൾക്കും , പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും വിരുദ്ധമായി, പ്രൊജക്ടുകൾക്കു വേണ്ടി ചെലവഴിച്ച രു.15,00,000.00 (14,00,000.00+1,00,000.00) തടസ്സപ്പെടുത്തുന്നു.

1-14 ബ്ലോക്ക്തല കൂൺ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ബ്ലോക്കിനു കീഴിലുള്ള അഗ്രോ സർവ്വീസ് സെന്ററിലെ വനിതാ അംഗങ്ങൾക്ക് സ്ഥിരം വരുമാനം ഉറപ്പ് വരുത്താനും കർഷകർക്ക് ഗുണമേന്മയുള്ള കൂൺവിത്ത് ലഭ്യമാക്കുന്നതിനുമാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 21/22 ബ്ലോക്ക്തല കൂൺ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കൽ |
| അടങ്കൽ | 200000- വികസന ഫണ്ട് |
| ചെലവ് | 200000 |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ബിൽ | 01/22-07.10.21- 55764 രൂപ<br>13/22-22.12.21-144236 രൂപ<br>ആകെ 200000 രൂപ |

കൂൺ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ക്യാബിൻ സീലിംഗ് അലുമിനിയം പാർട്ടീഷൻ വർക്ക്, ഇലക്ട്രിക്കൽ,പ്ലംബിംഗ് പ്രവൃത്തികൾ ചെയ്തതിന് പ്രവീൺ ഫ്രെയിം ഇന്റീരിയേഴ്സിന് 119636 രൂപയും എയർകണ്ടീഷൻ സ്ഥാപിച്ചതിന് കെ.എച്ച് ഹോം അപ്ലയൻസ് പട്ടാമ്പി എന്ന സ്ഥാപനത്തിന് 24600 രൂപയും, കൂൺ വിത്തുല്പാദന യന്ത്രം സ്ഥാപിക്കുന്നതിനും അനുബന്ധ ചെലവുകൾക്കും 55764 രൂപയും കൃഷിവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിത്യഹരിത കർഷക സേവന കേന്ദ്രം (രജി.നം PKD/CA /75/2013/20.03.2013) ചെലവഴിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി

അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

* നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല (എയർകണ്ടീഷൻ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്)

* സ്ഥാപനത്തിന്റെ നടത്തിപ്പിന് നിത്യഹരിത കർഷക സേവന കേന്ദ്രവുമായി കരാർ ചമച്ചിട്ടില്ല.

26.09.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കൂൺ വിത്തുല്പാദന യന്ത്രം താല്കാലികമായി പ്രവർത്തനക്ഷമമല്ലെന്ന് കണ്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (08/29.08.22) കൂൺ വിത്തുല്പാദന കേന്ദ്രം മുൻപ് അഗ്രോ സർവ്വീസ് സെന്റർ ഉപയോഗിച്ച മുറി ആയിരുന്നു. Sterilized Laminar Air Flow Cabinet , Auto Clave എന്നിവ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെന്നും, ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിരുന്നതിനാൽ പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രം മേധാവിയുടെ മേൽനോട്ടത്തിൽ റീജിയണൽ അഗ്രികൾച്ചറൽ സെന്ററിന്റെ നിർദ്ദേശപ്രകാരം പ്രാദേശികമായി നിർമ്മിക്കുകയാണുണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* നിത്യഹരിത കർഷക സേവന കേന്ദ്രവുമായി കരാർ ചമയ്ക്കേണ്ടതാണ്.

* പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന സമുച്ചയം -സാമ്പത്തിക സ്രോതസ് ഉറപ്പുവരുത്താതെ പ്രോജക്ട് രൂപീകരിച്ചു

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മുൻകാലങ്ങളിൽ ഐ.എ.വൈ പദ്ധതികൾക്കായി നൽകിയ തുകകളിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് 12 ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ പ്രോജക്ട് രൂപീകരിക്കുകയും പ്രവൃത്തിയുടെ തുടർ നടത്തിപ്പിന് സ്ട്രക്ചറൽ ഡിസൈനിംഗ് ആവശ്യമാണെന്ന് അറിയിക്കുകയും തുടർന്ന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തുന്നതിന് പ്രോജക്ട് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 124/22 ലൈഫ് ഭവന സമുച്ചയം -സ്ട്രക്ചറൽ ഡിസൈനിംഗ് |
| അടങ്കൽ | 55317 വികസന ഫണ്ട് |
| ചെലവ് | 55148 |
| ബിൽ നം | 25/16.09.21 തുക 55148 |
| നിർവ്വഹണം | സെക്രട്ടറി |

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ലൈഫ് ഭവന സമുച്ചയത്തിന്റെ സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തിയതിന് ഗവ.എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂരിന് 55148 രൂപ നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം 4/11.02.21 -5,148 രൂപ- 2020-21 ൽ 50,000 രൂപ നൽകിയിട്ടുണ്ട്) എന്നാൽ സ്ട്രക്ചറൽ ഡിസൈനിംഗ്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമല്ല. പ്രവൃത്തിയുടെ പുരോഗതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/29.09.2022) സ്ട്രക്ചറൽ ഡിസൈനിംഗ് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് പ്രൈസ് സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുകയും പ്രവൃത്തി പൂർത്തീകരണത്തിന് 2 കോടിയോളം രൂപ ചെലവ് വരുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് വിഷയം പഠിക്കുന്നതിന് ഭരണസമിതി ഉപസമിതിയെ നിയമിക്കുകയും ചെയ്തു. കഴിഞ്ഞ വർഷം പി.എം.എ.വൈ ആവാസ് പ്ലസ് ഭവനപദ്ധതിക്കായി പുതിയ ടാർജറ്റ് ലഭിക്കുകയും ചെയ്തതിനാൽ ഐ.എ.വൈ പദ്ധതികൾക്കായി നൽകിയ തുകകൾ പ്രസ്തുത ഗുണഭോക്താക്കൾക്ക് കൂടി നൽകിയതിനാൽ തുക വളരെ കുറവാണെന്നും, 12

ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിന് ശരാശരി 16.66 ലക്ഷം രൂപ ചെലവ് വരുന്നുണ്ടെന്നും, ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും സ്ഥലം വാങ്ങുന്നതിന് 2.50 ലക്ഷം രൂപയുമടക്കം 6.50 രൂപ മാത്രമാണ് ചെലവ് വരുന്നതിനാൽ പദ്ധതി അപ്രായോഗികമാണെന്ന് ഉപസമിതി നിർദ്ദേശിച്ചു. കൂടാതെ തുക വകയിരുത്തുന്നതിന് പഞ്ചായത്തുകൾ വിമുഖത കാണിക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. 21.07.2022 ലെ ഭരണസമിതി യോഗം (നം.04(1)) ഉപസമിതി നിർദ്ദേശം അംഗീകരിക്കുകയും , സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ പ്രോജക്ട് ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചുവെന്നും മറുപടി നൽകിയിട്ടുണ്ട്. ദീർഘ വീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ തുക പാഴ് ചെലവ് ആയി .

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വിഭവ സ്രോതസ് ഉറപ്പുവരുത്തി മാത്രം പ്രോജക്ട് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

* പ്രോജക്ടുകളുടെ പ്രായോഗികത ഉറപ്പാക്കേണ്ടതാണ്.

1-16 പി.എം.എ.വൈ (ജി) ഭവന നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

ബ്ലോക്ക് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് 400000 രൂപ നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവന ചെയ്തിരിക്കുന്നത്

| പ്രൊജക്ട് | 08/22 പി.എം.എ.വൈ (ജി) ജനറൽ | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി |
|---|---|---|
| അടങ്കൽ | 25075070 | 32308755 |
| ചെലവ് | 5712000 | 5959396 |
| നിർവ്വഹണം | സെക്രട്ടറി | |

പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് വിവിധ ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/24.09.2022) നൽകിയ മറുപടി റിമാർക്സിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ബാങ്ക് അക്കൗണ്ട് നം | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കാർത്ത്യായനി W/o രാമൻ പണ്ടാര വളപ്പിൽ കുളമുക്ക് പരുളുർ | 3879810000563 | 306000 | ലിന്റൽ ഉയരം എത്തി . ജില്ലാ/ ഗ്രാമപഞ്ചായത്ത് വിഹിതം സാംഖ്യ മുഖേന അനുവദിക്കുന്നതിന് സാങ്കേതിക തടസം നിലനിൽക്കുന്നു |
| 2 | കമലാക്ഷി W/o തങ്കമൻ കിഴക്കേ തട്ടാരപുരയ്ക്കൽ കുളമുക്ക് പരുളുർ | 43300017000870 41 | 306000 | റൂഫ് പൂർത്തീകരിച്ചു.ജില്ലാ/ ഗ്രാമപഞ്ചായത്ത് വിഹിതം സാംഖ്യ മുഖേനെ അനുവദിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | സാങ്കേതിക തടസം നിലനിൽക്കുന്നു |
| 3 | പത്മാവതി D/o ചാമി കിഴക്കേ പുരയ്ക്കൽ പരുളൂർ | 570902010012469 | 48000 | ബേസ്മെന്റെ പൂർത്തീകരിച്ചു. ഒറ്റയ്ക്ക് താമസിക്കുന്നു.സന്നദ്ധ സംഘടനകളുടെ സഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| 4 | വിശാലാക്ഷി D/o വേലു കരിമ്പാടത്ത് വിളയൂർ | 1740108014756 | 306000 | ലിന്റൽ ഉയരം എത്തി , ജില്ലാ/ ഗ്രാമപഞ്ചായത്ത് വിഹിതം സാംഖ്യ മുഖേന അനുവദിക്കുന്നതിന് സാങ്കേതിക തടസം നിലനിൽക്കുന്നു |
| 5 | സുബ്രഹ്മണ്യൻ S/o രാമൻ അക്ഷയ എടപ്പലം വിളയൂർ | 21520100058645 | 48000 | ഫൗണ്ടേഷൻ പൂർത്തീകരിച്ചു . വയോധികനാണ്. സന്നദ്ധ സംഘടനകളുടെ സഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയുടെ ആനുപാതികമായി തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-17 ലൈഫ് ഭവനപദ്ധതി ബ്ലോക്ക് വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവനപദ്ധതിക്കായി ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഗ്രാമപഞ്ചായത്ത് | നൽകിയ തുക |
|---|---|---|---|
| 07/22 ലൈഫ് ഭവനപദ്ധതി- ജനറൽ | 87/13.10.21 | മുതുതല | 100000 |
| | 107/3.11.21 | മുതുതല | 100000 |
| | 86/13.10.21 | വിളയൂർ | 510000 |
| | 126/27.11.21 | തിരുവേഗപ്പുറ | 260000 |

| | | | |
|---|---|---|---|
| | 136/17.10.21 | തിരുവേഗപ്പുറ | 300000 |
| | 180/10.01.22 | മുതുതല | 120000 |
| | 192/15.01.22 | മുതുതല | 40000 |
| | 196/15.01.22 | മുതുതല | 40000 |
| | 196/20.01.22 | മുതുതല | 30000 |
| | | ആകെ | 1500000 |
| 32/22 ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 106/03.11.21 | മുതുതല | 320000 |
| | 110/03.11.21 | മുതുതല | 360000 |
| | 113/08.11.21 | തിരുവേഗപ്പുറ | 460000 |
| | 112/08.11.21 | തിരുവേഗപ്പുറ | 100000 |
| | 110/08.11.21 | പരുതൂർ | 160000 |
| | 111/08.11.21 | പരുതൂർ | 100000 |
| | | ആകെ | 1500000 |

ഗ്രാമപഞ്ചായത്തുകളിൽനിന്നും സമയ ബന്ധിതമായി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/24.09.2022) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

### 1-18 സമൃദ്ധി നെൽകൃഷിക്ക് ഉഴവ്കൂലി ബ്ലോക്ക് വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷിക്ക് ഉഴവ്കൂലി ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഗ്രാമപഞ്ചായത്ത് | നൽകിയ തുക |
|---|---|---|---|
| 28/22 നെൽകൃഷിക്ക് ഉഴവ്കൂലി (എസ്.സി) | 2/22-29.10.21 | മുതുതല | 67660 |
| | 3/29.10.21 | പരുതൂർ | 143140 |
| | 4/09.11.21 | പരുതൂർ | 12240 |
| | 5/17.11.21 | ഓങ്ങല്ലൂർ | 48450 |
| തിരുവേഗപ്പുറ | 6/29.11.21 | വിളയൂർ | 244970 |
| | 7/14.12.21 | തിരുവേഗപ്പുറ | 77308 |
| | 8/14.12.21 | മുതുതല | 262718 |
| | 9/15.12.21 | പരുതൂർ | 455262 |
| | 10/15.12.21 | കൊപ്പം | 153205 |

| | | | |
|---|---|---|---|
| | 11/15.12.21 | കല്ലുക്കല്ലൂർ | 46859 |
| | 12/15.12.21 | ഓങ്ങല്ലൂർ | 188188 |
| | | ആകെ | 17,00,000 |

ഗ്രാമപഞ്ചായത്തുകളിൽനിന്നും സമയ ബന്ധിതമായി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/28.09.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വൈദ്യുതി ബോർഡ് മുതല ഇലക്ട്രിക്കൽ സെക്ഷനിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | ബിൽ നം.തിയതി | തുക | കരാർ നം /തീയതി |
|---|---|---|---|
| 151/22 കിഴങ്ങുചാൽ കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 54/22.02.2022 | 66702 | 09/21-22 Dt.21.02.2022 |

പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/24.09.2022) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി മുതല ഇലക്ട്രിക്കൽ സെക്ഷനിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-20 പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4-ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ളപദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.1(ബി)(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല മാർഗ്ഗരേഖയിലെ ഖണ്ഡിക 7(ബി) (6) പ്രകാരം കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ള വിതരണ പദ്ധതികളുടെ പ്രൊജക്ടുകൾ ഏറ്റെടുത്തുനടത്തിയതിൻറ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
2.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല
3. പദ്ധതി പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. 2021-22 ൽ നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക് നം: പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 73/22 വിളത്തൂർ ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി | 600000 | 254968 |
| 2 | 74/22 പട്ടിപറമ്പ് കുടിവെള്ള പദ്ധതി സ്പിൽ | 500000 | 462992 |
| 3 | 79/22 കൈപ്പുറം ഗാന്ധി നഗർ മുള്ളക്കുന്ന് കുടിവെള്ള പദ്ധതി | 700000 | 575234 |
| 4 | 87/22 പൂമുള്ളിപ്പാടം കുടിവെള്ള പദ്ധതി സ്പിൽ ഓവർ | 15784 | 15784 |
| 5 | 97/22 ആല്യംകുട്ടത്തിൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 58407 | 58407 |
| 6 | 108/22 പന്നിയംകുന്ന് കോളനി കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 354826 | 354826 |
| 7 | 39/22 എടത്തൊടി എസ്.സി കോളനി കുടിവെള്ള പദ്ധതി | 456127 | 89395 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/28.09.2022) പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് 16.05.2022 ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, 2022-23 വർഷത്തിൽ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അനുമതിയോടെയാണ് പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.09.2022 മുതൽ 27.09.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊപ്പം ഗ്രാമ പഞ്ചായത്ത് | 2021-22 | 560000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 560000 | 0 |
| | | 285000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 285000 | 0 |
| കുലുക്കല്ലൂർ | 2021-22 | 855000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 855000 | 0 |
| മുതുതല | 2021-22 | 350000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 350000 | 0 |
| | | 140000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 140000 | 0 |
| ഓങ്ങല്ലൂർ | 2021-22 | 135000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 135000 | 0 |
| പരുതൂർ | 2021-22 | 70000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 70000 | 0 |
| | | 280000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 280000 | 0 |
| വിളയൂർ | 2021-22 | 180000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 180000 | 0 |
| | 2021-22 | 780000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 780000 | 0 |
| തിരുവേഗപ്പുറ | 2021-22 | 1260000 | 34/22 പി.എം.എ.വൈ (ജി) എസ്.സി.പി | 1260000 | 0 |
| | 2021-22 | 1400000 | 08/22 പി.എം.എ.വൈ (ജി) ജനറൽ | 1400000 | 0 |
| | ആകെ | 6295000 | | 6295000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | 151/22 കിഴങ്ങുചാൽ കുടിവെള്ളപദ്ധതി വൈദ്യുതികരണം | 18/17.07.20 | 66702 | 0 | 66702 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| ഒന്നുമില്ല | | | | |

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

### 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 107471667.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81690616.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1500000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1500000.00 | ശ്രീമതി.സിന്ധു എൽ ,സി.ഡി.പി.ഓ (രൂ.1400000.00) ശ്രീമതി.ബിന്ദു.വി,സി.ഡി.പി.ഓ (രൂ.100000.00) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിന്ധു എൽ ,സി.ഡി.പി.ഓ | സി.ഡി.പി.ഓ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | ഓഅച്ചുതം മയിലച്ചാൽ ഒറ്റശേഖരമംഗലം 695125 പിൻ തിരുവനന്തപുരം |
| ശ്രീമതി.ബിന്ദു.വി, സി.ഡി.പി.ഓ | സി.ഡി.പി.ഓ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | ശ്രീവത്സം TC3/657(4)മുട്ടട 695025 പിൻ തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 Dt. 6.6.09 | 11 |
| 1998-99 | LFP10/1089/03 | 5 |
| 1999-2000 | LFP10/408/02 Dt. 2.12.13 | 6 |
| 2000-01 | LFP10/928/07dt. 3.12.07 | 5 |
| 2001-02 | LFP10/974/07dt. 3.12.07 | 3 |
| 2002-03 | LFP10/975/07dt. 3.12.07 | 4 |
| 2003-04 | LFP10/942/08dt. 15.7.09 | 6 |
| 2004-05 | LFP10/943/08dt. 15.7.09 | 6 |
| 2005-06 | LFP10/944/08dt. 15.7.09 | 4 |
| 2006-07 | LFP10/945/08dt. 15.7.09 | 5 |
| 2007-08 | LFP8/1684/11dt. 9.12.11 | 5 |
| 2008-09 | LFP8/1685/11dt. 9.12.11 | 6 |

| | | |
|---|---|---|
| 2009-10<br>2010-11 | LFP8/1061/12dt. 12.1.14 | 8 |
| 2011-12 | LFP8/2243/14dt. 7.1.15 | 4 |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ Dt.9-2-16 | മുഴുവൻ |
| 2015-16 | KSA PKD8/343/17dt.10-5-17 | മുഴുവൻ |
| 2016-17 | KSA PKD8/2103/2017 Dt. 22-11-2017 | മുഴുവൻ |
| 2017-18 | KSA PKD8/981/2019 Dt.17.07.2019 | മുഴുവൻ |
| 2018-19 | KSA PKD8/1599/2019 Dt.06.05.2020 | മുഴുവൻ |
| 2019-20 | KSA PKD8/1599/2019 Dt.06.05.2020 | മുഴുവൻ |
| 2020-21 | KSA PKD24/500/22 Dt.15.06.2022 | മുഴുവൻ |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| Pattambi Block Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 26878340.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 94106.00 |
| 140000000 | Fees & User Charges | RP-4 | 13288.00 |
| 150000000 | Sale & Hire Charges | RP-5 | 289110.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53702554.00 |
| 171000000 | Interest Earned | RP-9 | 222110.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21688140.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 71021.00 |
| 340000000 | Deposits Received | RP-34 | 107339.00 |
| 350000000 | Other Liabilities | RP-36 | 40814.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2514199.00 |
| 460000000 | Loans, Advances and Deposits | RP-47 | 1850646.00 |
| | Grand total | | 107471667.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2841292.00 |
| 220000000 | Administrative Expenses | RP-12 | 2629331.00 |
| 230000000 | Operations & Maintenance | RP-13 | 889637.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10134511.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 30591324.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 11566984.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 451849.00 |
| 255000000 | Maintenance Projects | RP-20 | 2901549.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -19732.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4736272.00 |
| 350000000 | Other Liabilities | RP-36 | 8298636.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4744.00 |
| 340000000 | Deposits Received | RP-34 | 49384.00 |
| 350000000 | Other Liabilities | RP-36 | 386781.00 |
| 410000000 | Fixed Assets | RP-38 | 705227.00 |
| 412000000 | Capital work in Progress | RP-40 | 1652434.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2122459.00 |
| 460000000 | Loans, Advances and Deposits | RP-47 | 1747934.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25781051.00 |
| Cash | Cash | RP-40(b) | 0.0 |

| | | |
|---|---|---|
| | Grand Total | 107471667.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

| Pattambi Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 94106.00 |
| 140000000 | Fee & User Charges | I-4(b) | 13288.00 |
| 150000000 | Sale & Hire Charges | I-5(b) | 319790.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 53702554.00 |
| 171000000 | Interest Earned | I-8 | 221893.00 |
| 180000000 | Other Income | I-9 | 71021.00 |
| | Total Income | | 54422652.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2841292.00 |
| 220000000 | Administrative Expenses | I-11(b) | 2623445.00 |
| 230000000 | Operations & Maintenance | I-12(b) | 1881576.00 |
| 240000000 | Interest & Finance Charges | I-13 | 4708.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10591834.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34339834.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 15180590.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 451849.00 |
| 255000000 | Maintenance Projects | I-14(e) | 2901549.00 |
| 272000000 | Depreciation | I-17(a) | 9260810.00 |
| | Total Expenditure | | 80077487.00 |
| | Gross Surplus / Deficit of income over Expenditure | | -25654835.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 1743661.00 |
| | Net difference (Prior period Income - Prior period Expenditure) | | -27398496.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

| Pattambi Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 74562582.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 80808544.00 |
| | Total Reserve & Surplus | | 155371126.00 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 24812934.00 |
| | Total Grants, Contributions for Specific Purposes | | 24812934.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 433894.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 0.0 |
| | Total Current Liabilities and Provisions | | 433894.00 |
| | TOTAL LIABILITIES | | 180617954.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 155804352.00 |
| 411000000 | Accumulated Depreciation | B-11 | -19322972.00 |
| 412000000 | Capital Work in Progress | B-11(a) | 14612022.00 |
| | Total Fixed Assets | | 151093402.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2177349.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 25781051.00 |
| 460000000 | Loans, Advances and Deposits | B-18 | 1566152.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 29524552.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 180617954.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ